# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 277 — 10/07/2015-ൽ മറുപടിയ്ക്ക്

### ഹോർട്ടികോർപ്പിന്റെ പച്ചക്കറി വിൽപ്പന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എ.എം. ആരിഫ് | | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| എ) | പച്ചക്കറി വിൽപന രംഗത്ത് ഹോർട്ടികോർപ്പ് നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | എ) | സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള, സംഘമൈത്രി, കാർഷികമൊത്തവ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നും കർഷകർക്ക് ന്യായ വില നൽകി പഴം പച്ചക്കറികൾ സംഭരിച്ച് മിതമായ നിരക്കിൽ ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാളുകളിലൂടെയും, ഫ്രാഞ്ചൈസി സ്റ്റാളുകളിലൂടെയും, സഞ്ചരിക്കുന്ന മൊബൈൽ വിൽപ്പന യൂണിറ്റുകളിലൂടെയും വിപണനം നടത്തി വരുന്നു. |
| ബി) | പൊതുവിപണിയിലെ വിലയേക്കാൾ കൂടിയ വിലയ്ക്കാണ് ഹോർട്ടികോർപ്പിന്റെ സഞ്ചരിക്കുന്ന വിൽപനകേന്ദ്രങ്ങൾ പച്ചക്കറി വിൽക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | കർഷകകൂട്ടായ്മകളിൽ നിന്നും നേരിട്ട് വാഹനം അയച്ച് പച്ചക്കറികൾ സംഭരിച്ച് പൊതുവിപണിയിലെ വിലയേക്കാൾ വിലകുറച്ചും അധികവില ഈടാക്കാതെയുമാണ് നിലവിൽ ഹോർട്ടികോർപ്പിൽ പച്ചക്കറികൾ വിപണനം ചെയ്യുന്നത്. |
| സി) | ഇങ്ങനെ സംഭവിക്കുന്നത് പച്ചക്കറി സംഭരണത്തിൽ കോർപ്പറേഷന് സംഭവിക്കുന്ന പിഴവുകളുടെ ഫലമായിട്ടാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | സി) | ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിക്കുന്നത് ഗുണനിലവാരം ഉറപ്പ് വരുത്തിയും കർഷകർക്ക് ന്യായവില ലഭ്യമാക്കിയുമാണ്. എന്നാൽ ഉപഭോക്താക്കൾക്ക് പരമാവധി വിലകുറച്ചാണ് പച്ചക്കറികൾ നൽകുന്നത്. |
| ഡി) | പൊതുവിപണിയെക്കാളും കുറഞ്ഞവിലയ്ക്ക് പച്ചക്കറി വിൽപന നടത്താൻ ഹോർട്ടികോർപ്പ് നടപടി സ്വീകരിക്കുമോ? | ഡി) | ദിവസേന പൊതുവിപണിയിലെ വിലയുമായി താരതമ്യം ചെയ്ത ശേഷം കമ്പോള വിലയെക്കാൾ വില കുറച്ചാണ് പഴം പച്ചക്കറികൾ ഹോർട്ടികോർപ്പ് വിൽപന നടത്തി വരുന്നത്. പൊതു വിപണിയിലെ വിലയെക്കാൾ വില കൂടുതലാണ് എന്ന് ഹോർട്ടികോർപ്പിന്റെ ശ്രദ്ധയിൽപ്പെട്ടാൽ വിലകുറയ്ക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ